രക്ഷയുടെ പാതയിൽ-4



4

# ജീവന്റെ നീർച്ചാലുകൾ


**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

പാഠം 10

# അനുരഞ്ജനകൂദാശ



കർത്താവേ ഇതാ എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ ഒന്നിനു നാലിരട്ടിയായി ഞാൻ തിരികെ കൊടുക്കുന്നു.



പാപങ്ങളിൽനിന്നു മോചനവും വീണ്ടും പാപം ചെയ്യാതിരിക്കാനാവശ്യമായ ശക്തിയും നൽകി ദൈവത്തോടും സഹോദരരോടും നമ്മെ രമ്യപ്പെടുത്തുന്ന കൂദാശയാണ് അനുരഞ്ജനകൂദാശ.





## അനുരഞ്ജനകൂദാശ ഫലപ്രദമായി സ്വീകരിക്കുന്നതിനാവശ്യമായ കാര്യങ്ങൾ

1. ആത്മശോധന ചെയ്ത് പാപങ്ങളെല്ലാം കണ്ടെത്തണം
2. പാപങ്ങളോർത്തു പശ്ചാത്തപിക്കണം.
3. വീണ്ടും പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യണം.
4. പാപങ്ങളെല്ലാം വൈദികനോട് ഏറ്റു പറയണം
5. വൈദികൻ നൽകുന്ന പ്രായശ്ചിത്തം അനുഷ്ഠിക്കണം.

**അനുരഞ്ജനകൂദാശയിൽ പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപമാണ് ഏറ്റവും പ്രധാനം**

വൈദികൻ നൽകുന്ന പ്രായശ്ചിത്തത്തിനുപുറമേ

പ്രാർത്ഥന, കാരുണ്യ പ്രവൃത്തികൾ,

പരിത്യാഗപ്രവൃത്തികൾ എന്നിവ വഴിയും നാം

പാപത്തിനു പരിഹാരം ചെയ്യേതാണ്.





# നമുക്കു പാടാം

ദൈവമേ എന്നിൽ കനിയണമേ

പാപങ്ങൾ പൊറുക്കേണമേ

ഘോരമാമെന്റെ അപരാധങ്ങൾ

കനിവിയന്നു മറക്കേണമേ

# നമുക്കു പ്രാർത്ഥിക്കാം

പാപികളെ സ്നേഹിക്കുന്ന ഈശോയെ, ഞങ്ങൾക്കു പാപബോധവും പശ്ചാത്താപവും നൽകണമേ. തിന്മയിൽ നിന്നകലുവാനും നന്മയിൽ വളരുവാനും ഞങ്ങളെ സഹായിക്കണമേ.

# നമുക്കു ഭക്തിപൂർവ്വം ദൈവവചനം വായിക്കാം

(ലൂക്കാ.15:1-10)



# ഓർമ്മിക്കാൻ ഒരു തിരുവചനം

അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും.

(ലൂക്കാ 15:7).

# എന്റെ തീരുമാനം

മാസത്തിലൊരിക്കലെങ്കിലും ഞാൻ അനുരഞ്ജനകൂദാശ സ്വീകരിക്കും.

# നമുക്കു ആടാം പാടാം



ദേഹത്തിൽ ചെളിയായാൽ കഴുകിക്കളയേണം
ആത്മാവിൽ കറവീണാൽ പാപം കഴുകേണം
പാപിനിയാം സ്ത്രീയെപോൽ അനുതാപത്തോടെ
ചുങ്കക്കാരൻ സക്കൈയെപോൽ പരിഹാരത്തോടെ
തെറ്റുകളേറ്റു ചൊല്ലുമ്പോൾ പാപം പോക്കുന്നു
നാഥൻ അനുരഞ്ജനകൂദാശയിൽ കൃപയും നൽകുന്നു
വീഴ്ചകൾ വന്നൊരു വഴിയെല്ലാം തിരിഞ്ഞു നോക്കേണം
ഉള്ളത്തിൽ അനുതാപം നിറഞ്ഞു നിൽക്കേണം
ഇനിയൊരുനാളും ചെയ്യില്ലെന്നൊരു പ്രതിഞ്ജചെയ്യേണം
അനുരഞ്ജന വേദിയിലെത്തി ഏറ്റുചൊല്ലേണം
കല്പിക്കുന്നൊരു പരിഹാരം നിറവേറ്റീടേണം
നമ്മൾ നന്ദി നിറഞ്ഞൊരു മനസോടെ സ്തുതി പാടീടേണം.

Thank you